**SN – 167**

21

## III Semester B.A./B.Sc./B.C.A./B.Sc. (FAD) Examination, Nov./Dec. 2017
## (CBCS (F+R) (2015-16 and Onwards)
## MALAYALAM LANGUAGE (Paper – III)

ST. CLARET COLLEGE LIBRARY

Time : 3 Hours Max. Marks : 70

I. **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ആശയം സന്ദർഭം വ്യക്തമാക്കുക) : **(4×3=12)**

1) 'അംബ, ഹിമാചലതുംഗകിരീടിനി
നിന്നഭിമാനം വെൽക'

2) 'വിറപൂണ്ട കൈനീട്ടി നിന്നോടു ഞാനെന്റെ
യുടയാട വാങ്ങിയിട്ടില്ല'

3) 'കലപിലയിലാൾത്തിക്കി-ലിവിടെയീ നേതാക്കളലറുന്ന –
മൈതാനമരുഭൂവിലീ നാദമാർക്കോ'

4) 'കരയാതെ, മൂളാതെ, തലപൊക്കി നിൽക്കുവാ –
നിനിയെത്രയിനിയെത്ര നേരം'

5) 'മുമ്പിലിരുണ്ടു കറുത്തൊരു കൂറയിൽ
മൂടിയ കൊച്ചൊരു പുത്രൻ'.

II. a) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : **(2×6=12)**

1) നിസ്സഹായനായ ഒരു മൃഗത്തിന്റെ അവസ്ഥ വർണ്ണിക്കുന്ന ഒരു കവിതയാണ് 'മുറിവേറ്റ സിംഹം' – വിവരിക്കുക.

2) അമ്പലമണിയുടെ ഇപ്പോഴത്തെ അവസ്ഥ – വിവരിക്കുക.

3) 'ഒരു സ്വാതന്ത്ര്യദിനത്തിൽ' എന്ന കവിതയിലെ പരാമർശങ്ങൾ എന്തെല്ലാം ?

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : **(2×6=12)**

1) അവുസേപ്പുചേട്ടൻ എന്ന കഥാപാത്രം – വിവരിക്കുക.

2) സാധാരണക്കാരന്റെ ജീവിതാനുഭവമാണ് – 'ഒരു മനുഷ്യൻ'. വിവരിക്കുക.

3) പെൺകുഞ്ഞിന് ജന്മം നൽകുന്നതിന്റെ പേരിൽ തിരസ്കരിക്കപ്പെടുന്ന സ്ത്രീസമൂഹത്തിന് പ്രതിനിധിയാണ് 'ലക്ഷ്മിക്കുട്ടി' – വിവരിക്കുക.

III. ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര** പുറത്തിൽ കവിയാതെ) : (1×14=14)

1) സമർപ്പണാത്മകവും, നിസ്വാർത്ഥവുമായ ആരാധനാഭാവമാണ് 'കൃഷ്ണ, നീയെന്നെയറിയില്ല'– വ്യക്തമാക്കുക.

2) കവിയുടെയും, കവിതയുടേയും അവഗണനയാണ് 'അമ്പലമണി' – എന്ന കവിത വ്യക്തമാക്കുക.

IV. ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര** പുറത്തിൽ കവിയാതെ) : (1×14=14)

1) കരുത്തുറ്റ സ്ത്രീ കഥാപാത്രത്തിന് ഉത്തമ ഉദാഹരണമാണ് രാച്ചിയമ്മ – വിവരിക്കുക.

2) അവശരായപ്പോൾ നിന്ദയ്ക്കും ക്രൂരതയ്ക്കും വിധിക്കപ്പെടുന്നു കണ്ണൻ എന്ന കാളയെ ആധാരമാക്കി വിവരിക്കുക.

V. ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. 3

'ആധുനികസാഹിത്യ'ത്തിന്റെ പേരിൽ ഇന്ന് കേരളത്തിൽ ഒരു സോഷ്യലിസ്റ്റ് വിരുദ്ധ മുന്നണി പടുത്തുയർത്തി വരുന്നുണ്ട്. അവർ രാഷ്ട്രീയ-സാമൂഹ്യപ്രശ്നങ്ങളിൽ തല്പരരല്ലെന്ന് നടിക്കുകയും അഗാധമായ താൽപര്യത്തോടെ പ്രതിലോമപക്ഷത്തിൽ ചേർന്നു നില്ക്കുകയും ചെയ്യുന്നു. പുതിയ എഴുത്തുകാരെ ചൂണ്ടലിട്ടു പതിയിരിക്കുകയാണ് അവർ ചെയ്യുന്നത്. അതിസമർത്ഥമായി ആസൂത്രണം ചെയ്ത ഒരു ആശയ പ്രചരണത്തിന്റെ വിദഗ്ധമായ വലയുമായിട്ടാണ് അവരുടെ പതിയിരിപ്പ്. നേരിട്ട് പ്രതിലോമപരമായ മുദ്രാവാക്യം എടുത്തു മുഴക്കുന്നതിന് അവർക്ക് ധൈര്യം പോരാ. തന്നിമിത്തം പുതിയ ജീവിതദർശനത്തിന്റെ മുഖമുദ്രയണിഞ്ഞുകൊണ്ടു പഴയതാവളങ്ങളിൽ അവർ കയറിയിരിക്കുന്നു. ജനനത്തിനും മരണത്തിനുമിടയിലുള്ള ഹ്രസ്വമായ ഇടവേളയാണ് ജീവിതമെന്നും അത് വിപ്ലവവും പുരോഗമനവും പറഞ്ഞു ചെലവഴിച്ചു കളയാനുള്ളതല്ലെന്നും ആദർശശാലികളായ യുവാക്കളെ അവർ പഠിപ്പിക്കുന്നു. തന്റെ ജീവിതം തന്റെ മാത്രമാണ്; മറ്റാർക്കും നൽകാനുള്ളതല്ല. ഒറ്റപ്പെട്ട ബിന്ദുവാണ് താൻ എന്നിരിക്കെ ആ ജീവിതം ആകണ്ഠം ആസ്വദിക്കുകയല്ലാതെ മറ്റെന്തു കർത്തവ്യമാണ് ഉള്ളത്. ഇതാണ് അവർ യുവജനങ്ങൾക്ക് നൽകുന്ന 'സന്ദേശം' – അനുസ്യൂതമായ ജീവിതപ്രവാഹത്തിലെ കണികയാണ് താനെന്നും മൺമറഞ്ഞവരോടും, പിറക്കാനിരിക്കുന്നവരോടും താൻ ബന്ധിതനാണെന്നും ഉള്ള ബോധം ഇവർ ചേരദിച്ചുകളയുന്നു. ലൈംഗിക വൈകൃതങ്ങളിലൂടെയും ലഹരിവസ്തുക്കളിലൂടെയും ലഭിക്കുന്ന ഇന്ദ്രിയ സംവേദനത്തിൽ കവിഞ്ഞ മറ്റൊരു സിദ്ധിയുമില്ലെന്നതാണ് ഇവരുടെ തത്വശാസ്ത്രം. അമേരിക്കയിൽ നിന്നു ഇറങ്ങിത്തിരിച്ച ഈ 'ജീവിതദർശനം' നമ്മുടെ അത്യന്താധുനിക സാഹിത്യത്തിന്റെ മുഖമുദ്രയായിത്തീർന്നിരിക്കുന്നു. ആപൽക്കരമായ ഈ പ്രവണതയുടെ കുത്തിയൊഴുക്കിൽനിന്നു യുവതലമുറയെ രക്ഷിക്കുകയെന്നതാണ് സംസ്കാരത്തിന്റെ കാവൽഭടന്മാരായ എഴുത്തുകാരുടെ പ്രഥമകർത്തവ്യം.

VI. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു നോവലിസ്റ്റിനെക്കുറിച്ച് വിവരിക്കുക. 3

______________